**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2360** **13-09-2023 - ൽ മറുപടിയ്ക്ക്**

**എസ്.എ.ടി.ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിലെ ശിക്ഷണനടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എസ്.എ.റ്റി.ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിൽ നിന്ന് 2021 മുതൽ എത്ര ജീവനക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ച് പുറത്താക്കിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ പേര് വിവരം ലഭ്യമാകുമോ; | (എ) | **ഒരു ജീവനക്കാരിക്കെതിരെ ശിക്ഷണനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്തു. ശ്രീമതി.മീന.കെ എന്ന ജീവനക്കാരിയെയാണ് നീക്കം ചെയ്തിട്ടുള്ളത്.** |
| (ബി) | പിരിച്ചുവിടുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചാണോ സൊസൈറ്റിയിൽ നിന്ന് ജീവനക്കാരെ പിരിച്ചു വിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നടപടിക്രമങ്ങൾ പാലിച്ചാണ് പിരിച്ച് വിട്ടിട്ടുള്ളത്. |
| (സി) | മുഖ്യമന്ത്രിക്കെതിരെ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രതികരിച്ച ഏതെങ്കിലും ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സൊസൈറ്റിയ്ക്ക് അപകീർത്തിയും അവമതിപ്പും ഉണ്ടാകുന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തിയതിന് ഒരു ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ശിക്ഷണനടപടിയുടെ ഭാഗമായി കർശനമായി താക്കീത് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രായപരിധി പിന്നിട്ട എത്രപേർ നിലവിൽ സൊസൈറ്റിയിൽ ജോലി ചെയ്യുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ; | (ഡി) | പ്രായപരിധി പിന്നിട്ട ആരും സൊസൈറ്റിയിൽ ജോലി ചെയ്യുന്നില്ല. |
| (ഇ) | ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയുടെ ഏറ്റവും ഉയർന്ന പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | എസ്.എ.റ്റി ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്ന തസ്തിക നിലവിലില്ല. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കം അക്കൗണ്ട്സ് ആഫീസർ എന്ന തസ്തികയാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ